## 'നേർക്കുനേരും കുരുക്ഷേത്രവും'

# പത്മജയിലൂടെ വെളിപ്പെട്ടത് കരുണാകരന്റെ ക്രൂരത

ഐ.ഗോപിനാഥ്

ഏഷ്യാനെറ്റിലെ 'നേർക്കുനേർ' പരിപാടിയിലും ഇന്ത്യാവിഷനിലെ 'കുരുക്ഷേത്രം' പരിപാടിയിലും പങ്കെടുത്തുകൊണ്ട് കെ. കരുണാകരന്റെ മകളും മുകുന്ദപുരം മണ്ഡലത്തിലെ യു.ഡി.എഫ്. സ്ഥാനാർത്ഥിയുമായ പത്മജാ വേണുഗോപാൽ പ്രൊഫ. ഈച്ചരവാരിയർക്കും അടിയന്തിരാവസ്ഥ കാലത്ത് കക്കയം ക്യാമ്പിൽ വെച്ച് കൊല ചെയ്യപ്പെട്ട വാര്യരുടെ മകൻ രാജനെതിരെ നടത്തിയ പരാമർശം വിവാദമായിരിക്കുകയാണല്ലോ. കോൺഗ്രസിലെ സമീപകാലത്ത് രൂക്ഷമായ ഗ്രൂപ്പുവഴക്കുമായി ബന്ധപ്പെട്ട് കെ. കരുണാകരന് മക്കളോടുള്ള വാത്സല്യം ചർച്ചാവിഷയമായപ്പോൾ അച്ഛന് മക്കളോട് വാത്സല്യമുള്ളതിൽ എന്താണ് തെറ്റ് എന്നും ഒരു സീനിയർ ലീഡറുടെ അഭിപ്രായത്തിന് വില കൊടുക്കേണ്ടത് പാർട്ടിയുടെ കടമയാണെന്നും അതിനാൽ തനിക്കും മുരളീധരനും സീറ്റ് ലഭിച്ചതിൽ തെറ്റില്ല എന്നും പത്മജ പറഞ്ഞപ്പോഴാണ് 'നേർക്കുനേർ' പരിപാടിയിൽ പങ്കെടുത്തിരുന്ന ഈ ലേഖകൻ സ്വന്തം മകനെയോർത്ത് നീറിനീറി കഴിയുന്ന ഒരു അച്ഛൻ തൃശൂർ നഗരത്തിൽ താമസിക്കുന്നുണ്ടെന്ന കാര്യം നിങ്ങൾക്കറിയുമോ? - എന്ന് ചോദിച്ചത്, അപ്രതീക്ഷിതമായ ഈ ചോദ്യം പത്മജയെ ഞെട്ടിച്ചു. തനിക്കറിയാമെന്നും പ്രൊഫ. ഈച്ചരവാരിയരല്ലേ എന്നും അവർ തിരിച്ചു ചോദിച്ചു. ആ അച്ഛനെകുറിച്ച് എന്തു

(10-ാം പേജിൽ തുടർച്ച)

# പത്മജ പറഞ്ഞ 'സത്യം' കരുണാകരന്റെ ക്രൂരത....

(1-ാം പേജ് തുടർച്ച)

പറയാനുണ്ടെന്ന ചോദ്യത്തിന് അടിയന്തിരാവസ്ഥ കാലത്തെ മുഴുവൻ പ്രശ്നങ്ങളും എന്റെ അച്ഛന് പുറത്ത് പറയാൻ കഴിയില്ല എന്നും രാജനെ കുറിച്ച് നിങ്ങൾക്കെന്തറിയാം എന്നും തിരിച്ചു ചോദിച്ചു. എന്നാൽ ഈ ചർച്ച അധികം നീട്ടാൻ അവതാരകൻ ഗോപകുമാർ അനുവദിച്ചില്ല. പിന്നീട് ഇന്ത്യാവിഷന്റെ 'കുരുക്ഷേത്രം' പരിപാടിയിലും സമാനമായ ചോദ്യം ആവർത്തിച്ചു. അപ്പോഴാണ് നക്സലൈറ്റായ മകൻ ഉള്ള അച്ഛൻ അനുഭവിക്കണമെന്നും എന്റെ അച്ഛന്റെ മക്കളൊന്നും നക്സലൈറ്റല്ല എന്നും പത്മജ പറഞ്ഞത്. ഈ മറുപടിയാണ് ഇപ്പോൾ ഈച്ചരവാരിയർ കോടതിയിൽ ചോദ്യം ചെയ്തിരിക്കുന്നത്.

തന്റെ മകൻ നക്സലൈറ്റായിരുന്നില്ല എന്നും ആണെങ്കിൽ തന്നെ വിചാരണ കൂടാതെ ഉരുട്ടികൊല്ലാൻ പോലീസിന് അവകാശമുണ്ടോ എന്ന പ്രസക്തമായ ചോദ്യമാണ് ഒരു വ്യാഴവട്ട കാലത്തിനു ശേഷം ഈച്ചരവാരിയർ വീണ്ടും ഉന്നയിക്കുന്നത്.

രാജന്റെ ആത്മാവ് ഒരിക്കൽകൂടി കെ. കരുണാകരനെ വേട്ടയാടാൻ തുടങ്ങിയിരിക്കുന്നു. ഡോക്ടർക്ക് സ്വന്തം മകനെ ഡോക്ടറാക്കാനും എഞ്ചിനീയർക്ക് എഞ്ചിനീയറാക്കാനും ആഗ്രഹമുള്ളപ്പോൾ രാഷ്ട്രീയക്കാരനായ കരുണാകരന് മക്കളെ രാഷ്ട്രീയക്കാരാക്കാനുള്ള അവകാശം തീർച്ചയായും ഉണ്ട്. എന്നാൽ മറ്റു തൊഴിലുകളിൽ നിന്ന് രാഷ്ട്രീയ പ്രവർത്തനത്തിന് കാതലായ ഒരു വ്യത്യാസമുണ്ട്. രാഷ്ട്രീയത്തെ തൊഴിലാക്കരുത് എന്നതു തന്നെയാണത്. മറ്റു തൊഴിലുകളൊന്നും ചെയ്യാതെ സമൂഹത്തെ ഉദ്ധരിക്കാൻ അവതരിച്ചവരാണ് തങ്ങൾ എന്ന ധാരണയിൽ മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിൽ നിന്നാണ് വാസ്തവത്തിൽ രാഷ്ട്രീയക്കാരുടെ അഴിമതി ആരംഭിക്കുന്നതെന്നും സ്വന്തം ഉപജീവനത്തിന് വേണ്ട തൊഴിൽ എടുത്ത് ബാക്കി സമയം നടത്തേണ്ട ഒന്നായി രാഷ്ട്രീയപ്രവർത്തനം മാറേണ്ടിയിരിക്കുന്നു. അങ്ങനെ എല്ലാവരും രാഷ്ട്രീയ പ്രവർത്തകരായി മാറേണ്ടിയിരിക്കുന്നു.

അടിയന്തിരാവസ്ഥക്കാലത്ത് നടന്ന നരനായാട്ടുകൾക്ക് ശേഷം ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെല്ലാം കോൺഗ്രസിനെതിരെ വിധിയുണ്ടായപ്പോഴും കെ. കരുണാകരനെ വീണ്ടും അധികാരത്തിൽ എത്തിച്ച 'പ്രബുദ്ധരാണ്' മലയാളികൾ. മലയാളികൾക്കേറ്റ ആ അപമാനത്തിന് ഒറ്റയ്ക്ക് പ്രായശ്ചിത്തം ചെയ്ത വ്യക്തിയാണ് പ്രൊഫ. ഈച്ചരവാരിയർ. കഴിഞ്ഞ 50 വർഷത്തെ കേരള ചരിത്രത്തിൽ മറ്റെല്ലാ മനുഷ്യാവകാശ പൗരാവകാശ പ്രസ്ഥാനങ്ങളും ചെയ്തതിനേക്കാൾ എത്രയോ കൂടുതൽ വിരലിലെണ്ണാവുന്ന ചിലരുടെ സഹായത്തോടെ ഈ മനുഷ്യൻ ചെയ്തു. ഈ ജീവിത സായാഹ്നത്തിലും ഒരിക്കൽ കൂടി ഈച്ചരവാരിയർ രംഗത്തുവന്നിരിക്കുന്നു. 'യുവത്വം തുളുമ്പുന്ന' ചെറുപ്പക്കാർക്ക് കഴിയാത്ത കാര്യങ്ങൾ ഏറ്റെടുക്കാനുള്ള ആർജ്ജവത്തോടെ. ഒരു കാലഘട്ടത്തിന്റെ പൈശാചികതക്ക് ബലിയാടായവരുടെ ആത്മാക്കൾക്കുവേണ്ടി മാത്രമല്ല, വരും കാല ജാഗ്രതകൾക്ക് വഴികാട്ടി കൂടിയായി ഈ വയോവൃദ്ധന്റെ കൂടെ നില്ക്കാൻ നീതിബോധം ബാക്കിയുള്ളവരെങ്കിലും തയ്യാറാകുക.